**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5133** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഡിജിറ്റൽ റീസർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽ നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വെയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (എ) | ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട് പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ നടുഭാഗം വില്ലേജിനെ രണ്ടാം ഘട്ടത്തിലും, എരുമേലി നോർത്ത്, എരുമേലി സൗത്ത് എന്നീ വില്ലേജുകളെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ പൂഞ്ഞാർ നടുഭാഗം വില്ലേജിന്റെ 84.6% ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്. മൂന്നാം ഘട്ടത്തിലെ എരുമേലി നോർത്ത് വില്ലേജിന്റെ 4.8% ഫീൽഡ് ജോലികളും, എരുമേലി സൗത്ത് വില്ലേജിന്റെ 2.5% ഫീൽഡ് ജോലികളും പൂർത്തിയായിട്ടുണ്ട്. പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെട്ട മറ്റ് വില്ലേജുകൾ ഡിജിറ്റൽ സർവെ പദ്ധതിയുടെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടപടികൾ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ